**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** **09-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം നൗഷാദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതുമാക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ നടപ്പിലാക്കി വരുന്ന ഏകീകൃത സോഫ്റ്റ് വെയർ പദ്ധതിയാണ് ക്ഷീരശ്രീ.<br><br>വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി, സുതാര്യത ഉറപ്പുവരുത്തി കാര്യക്ഷമതയോടെ നീതിയുക്തമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഇ-ഗവേണൻസ് തത്വത്തിലധിഷ്ഠിതമായി തയാറാക്കിയ ഒരു വെബ് പോർട്ടൽ ആണ് ക്ഷീരശ്രീ. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ക്ഷീരമേഖലക്കായി ഇത്തരം ഒരു പോർട്ടൽ രൂപകല്പന ചെയ്തിരിക്കുന്നത്.<br><br>സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ ഉയർച്ചയിൽ കേരളത്തിലെ ക്ഷീരോല്പാദന മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലുള്ള ലക്ഷക്കണക്കിന് ക്ഷീരകർഷകരുടെയും സംസ്ഥാനത്തൊട്ടാകെ വ്യാപിച്ചുകിടക്കുന്ന 3500 ഓളം വരുന്ന ക്ഷീരസഹകരണ സംഘങ്ങളുടെയും കെട്ടുറപ്പും ആത്മാർഥമായ പരിശ്രമവും ഇതിന് പിന്നിലുണ്ട്. ഗുണനിലവാരത്തിന് ഊന്നൽ നൽകി, ക്ഷീരകർഷകർക്ക് പരമാവധി സംഭരണ വില നൽകുന്ന നിലയിൽ കേരളത്തിലെ ക്ഷീര സഹകരണ മേഖല രാജ്യത്തിനുതന്നെ മാതൃകയാണ്.<br>പാലിന്റെ ഗുണമേന്മയുടെ കാര്യങ്ങളിലും സംസ്ഥാന സർക്കാർ അർഹമായ ഊന്നൽ നൽകുന്നു. ശുദ്ധവും സുരക്ഷിതവുമായ പാൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ഉപഭോക്താക്കളിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br><br>ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുക എന്നതാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ലക്ഷ്യം.<br><br>കർഷകൻ സംഘത്തിൽ പാൽ നൽകുമ്പോൾ തന്നെ സംഘത്തിലെ ഇലക്ട്രോണിക് പാൽ പരിശോധനാ ഉപകരണങ്ങളിൽ നിന്നും കൃത്യമായ വിവരങ്ങൾ തത്സമയം പോർട്ടലിലേക്ക് ലഭ്യമാകുകയും അതുവഴി ശരിയായ വില കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനും സാധ്യമാകും. ടി വിവരങ്ങൾ കർഷകനും സംഘത്തിലെയും ക്ഷീരവികസന വകുപ്പിലെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കും പരിശോധനയ്ക്ക് ലഭ്യമാകുന്നു. പാൽ സംഭരണം കൂടാതെ ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വാങ്ങലും വില്പനയും ഉൾപ്പെടെ മറ്റെല്ലാ ഇടപാടുകളും പോർട്ടൽ വഴി നടപ്പിലാകുന്നതിനാൽ സംഘങ്ങളുടെ അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും അതുവഴി ക്ഷീര സംഘങ്ങളും പേപ്പർ ലെസ്സ് ഓഫീസ് ആക്കുന്നതിനും ഈ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് മാനേജീരിയൽ അസിസ്റ്റൻസ് .<br><br>250 ലിറ്ററിൽ കുറവ് പ്രതിദിനം പാൽ സംഭരിക്കുന്ന സംഘങ്ങളിലെ അംഗീകാരം ലഭിച്ച ജീവനക്കാർക്ക് 10 മാസത്തെ വേതനത്തിന്റെ 50 ശതമാനം ക്ഷീരസംഘത്തിന് അനുവദിച്ച് നൽകുന്നു. (സെക്രട്ടറി- 2000 രൂപ/മാസം, പ്രോക്യൂർമെന്റ് അസിസ്റ്റന്റ് - 1500രൂപ/മാസം പരമാവധി - 35000/- രൂപ ഒരു സംഘത്തിന് നൽകുന്നു) |
| (സി) | ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടു പോകുന്നതിന് ക്ഷീരശ്രീ പോർട്ടൽ എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് അനന്തര നടപടികളുടെ ഭാഗമായി, കർഷകൻ ഓഫീസുകൾ കയറി ഇറങ്ങുന്ന സാഹചര്യം പരമാവധി കുറച്ചുകൊണ്ട് ''സർക്കാർ സേവനങ്ങൾ വിരൽ തുമ്പിലൂടെ'' എന്ന ലക്ഷ്യം മുൻനിർത്തി, ട്രഷറി, റവന്യൂ, പൊതുവിതരണം എന്നിങ്ങനെ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച പരിപൂർണ്ണമായും Online ആയാണ് നിലവിൽ |

| | | | |
|---|---|---|---|
| | | | ക്ഷീരവികസന വകുപ്പിന്റെ എല്ലാ പദ്ധതികളും നിർവ്വഹിച്ച് വരുന്നത്. ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ വഴി തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്ത് സ്മാർട്ട് ഐഡി കരസ്ഥമാക്കാനും അതിനുശേഷം വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാനും തുടർന്ന് ഉദ്യോഗസ്ഥർക്ക് ഈ രേഖകൾ പോർട്ടലിൽ നിന്നു തന്നെ ലഭ്യമാക്കി പരിശോധിച്ച് ഫീൽഡ് വെരിഫിക്കേഷനു ശേഷം അർഹതപ്പെട്ട ഗുണഭോക്താവിന് e-DBT വഴി സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുവാനും സാധിക്കും. കർഷകരുടെ അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായത്തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് വരെയുള്ള എല്ലാ നടപടികളും ക്ഷീരശ്രീ പോർട്ടൽ മുഖേന ഓൺലൈൻ ആയി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ അഭിമാന പദ്ധതിയായ ക്ഷീരഗ്രാമം, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, പുൽ കൃഷി വികസന പദ്ധതി എന്നിവ ക്ഷീരശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.<br><br>ക്ഷീര സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുമ്പോൾ കർഷകരുടെ എല്ലാ ഇടപാടുകളും ഓൺലൈൻ ആകുമെന്നതിനാൽ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുകയും കർഷകർ കൂടുതൽ സംതൃപ്തരാകുകയും ചെയ്യുന്നു.<br><br>സംഘങ്ങളിൽ നിലവിലുള്ള ഇലക്ട്രോണിക് അനലൈസറും വെയിംഗ് മെഷീനും ക്ഷീരശ്രീ പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനാൽ ഇന്റർനെറ്റ് സംവിധാനമുള്ള ഏതൊരു സംഘത്തിനും അധിക സാമ്പത്തിക ബാധ്യതയില്ലാതെ പാൽ സംഭരണവും വിപണനവും സുതാര്യമായും കാര്യക്ഷമവുമായി ക്ഷീരശ്രീ പോട്ടൽ വഴി നടപ്പിലാക്കുവാൻ സാധിക്കുന്നു.<br><br>ക്ഷീര സംഘം ജീവനക്കാർക്കും ക്ഷീരശ്രീ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഓൺലൈൻ ആയി നിർവഹിക്കുന്നതിനും സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ നടപ്പിലാക്കി വരുന്ന ഏകീകൃത സോഫ്റ്റ് വെയർ പദ്ധതിയാണ് ക്ഷീരശ്രീ. ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുക എന്നതാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ലക്ഷ്യം.

കോവിഡ് അനന്തര നടപടികളുടെ ഭാഗമായി, കർഷകൻ ഓഫീസുകൾ കയറി ഇറങ്ങുന്ന സാഹചര്യം പരമാവധി കുറച്ചുകൊണ്ട് "സർക്കാർ സേവനങ്ങൾ വിരൽ തുമ്പിലൂടെ" എന്ന ലക്ഷ്യം മുൻനിർത്തി, ട്രഷറി, റവന്യൂ, പൊതുവിതരണം എന്നിങ്ങനെ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചു പരിപൂർണ്ണമായും Online ആയാണ് നിലവിൽ ക്ഷീരവികസന വകുപ്പിന്റെ എല്ലാ പദ്ധതികളും നിർവ്വഹിച്ചു വരുന്നത്. ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ വഴി തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്ത് സ്മാർട്ട് ഐഡി കരസ്ഥമാക്കാനും അതിനുശേഷം വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാനും തുടർന്ന് ഉദ്യോഗസ്ഥർക്ക് ഈ രേഖകൾ പോർട്ടലിൽ നിന്നു തന്നെ ലഭ്യമാക്കി പരിശോധിച്ച് ഫീൽഡ് വെരിഫിക്കേഷനു ശേഷം അർഹതപ്പെട്ട ഗുണഭോക്താവിന് e-DBT വഴി സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുവാനും സാധിക്കും. കർഷകരുടെ അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായത്തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് വരെയുള്ള എല്ലാ നടപടികളും ക്ഷീരശ്രീ പോർട്ടൽ മുഖേന ഓൺലൈൻ ആയി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ അഭിമാന പദ്ധതിയായ ക്ഷീരഗ്രാമം, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, പുൽ കൃഷി വികസന പദ്ധതി എന്നിവ ക്ഷീരശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.

ക്ഷീര സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുമ്പോൾ കർഷകരുടെ എല്ലാ ഇടപാടുകളും ഓൺലൈൻ ആകുമെന്നതിനാൽ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുകയും കർഷകർ കൂടുതൽ സംതൃപ്തരാകുകയും ചെയ്യുന്നു.

സംഘങ്ങളിൽ നിലവിലുള്ള ഇലക്ട്രോണിക് അനലൈസറും വെയിംഗ് മെഷീനും ക്ഷീരശ്രീ പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനാൽ ഇന്റർനെറ്റ് സംവിധാനമുള്ള ഏതൊരു സംഘത്തിനും അധിക സാമ്പത്തിക ബാധ്യതയില്ലാതെ പാൽ സംഭരണവും വിപണനവും സുതാര്യമായും കാര്യക്ഷമവുമായി ക്ഷീരശ്രീ പോട്ടൽ വഴി നടപ്പിലാക്കുവാൻ സാധിക്കുന്നു.

ക്ഷീര സംഘം ജീവനക്കാർക്കും ക്ഷീരശ്രീ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഓൺലൈൻ ആയി നിർവഹിക്കുന്നതിനും സാധ്യമാകുന്നു.

കർഷകൻ സംഘത്തിൽ പാൽ നൽകുമ്പോൾ തന്നെ സംഘത്തിലെ ഇലക്ട്രോണിക് പാൽ പരിശോധനാ ഉപകരണങ്ങളിൽ നിന്നും കൃത്യമായ വിവരങ്ങൾ തത്സമയം പോർട്ടലിലേക്ക് ലഭ്യമാകുകയും അതുവഴി ശരിയായ വില കർഷകന്റെ

അക്കൗണ്ടിലേക്ക് നൽകുന്നതിനും സാധ്യമാകും. ടി വിവരങ്ങൾ കർഷകനും സംഘത്തിലെയും ക്ഷീരവികസന വകുപ്പിലെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കും പരിശോധനക്ക് ലഭ്യമാകുന്നു. പാൽ സംഭരണം കൂടാതെ ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വാങ്ങലും വില്പനയും ഉൾപ്പെടെ മറ്റെല്ലാ ഇടപാടുകളും പോർട്ടൽ വഴി നടപ്പിലാകുന്നതിനാൽ സംഘങ്ങളുടെ അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും അതുവഴി ക്ഷീര സംഘങ്ങളും പേപ്പർലെസ് ഓഫീസ് ആക്കുന്നതിനും ഈ ഏകീകൃത സോഫ്റ്റ് വെയർ  സംവിധാനത്തിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. മാനേജീരിയൽ അസിസ്റ്റൻസ്  എന്നാണ് ടി പദ്ധതിയുടെ പേര്.